# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.10.2026**

## പ്രധാനവാർത്തകൾ

1. കാലാനുസൃതമായ മാറ്റങ്ങൾക്കിടയിലും, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനോടുള്ള ജനങ്ങളുടെ വിശ്വാസം രാജ്യത്തിന് മുതൽക്കൂട്ടാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ സംസ്ഥാനത്ത് മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഒരുക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ.
3. ദീപാവലിക്ക് മുന്നോടിയായി പടക്കങ്ങൾക്ക് പൂർണ്ണ നിരോധനം ഏർപ്പെടുത്തേണ്ടതില്ലെന്ന് സുപ്രീം കോടതി.
4. ഡൈല്ലി-ദുബായ് വിമാനത്തിലെ യാത്രക്കാരുടെ ജീവൻ രക്ഷിക്കുകയും ദുരന്തം ഒഴിവാക്കുകയും ചെയ്ത ഇന്ത്യൻ പൗരനായ ക്യാപ്റ്റൻ സ്മിത് മച്ചാറിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും ലോക നേതാക്കളും.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത

RNU TVPM

6. ഏഷ്യൻ ഗെയിംസിൻറെ തുഴച്ചിലിൽ മത്സരത്തിൽ മലയാളികളായ മനു ഫ്രാൻസിസ് - പ്രിൻസ് കുരിശിങ്കൽ നോബിൾ സഖ്യത്തിന് വെള്ളി. സ്ക്വാഷിൽ, വനിതാ ടീമിന് വെങ്കലം.

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## പ്രധാനമന്ത്രി

കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടായെങ്കിലും, യുണിൻ പബ്ലിക് സർവീസ് കമ്മീഷനോടുളള ജനങ്ങളുടെ ഇപ്പോഴും നിലനിൽക്കുന്ന വിശ്വാസം രാജ്യത്തിന് മുതൽക്കൂട്ടാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭാരത് മണ്ഡപത്തിൽ യുപിഎസ്സി ശതാബ്ദി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ചടങ്ങിൽ ശതാബ്ദി സ്മരണിക നാണയം, തപാൽ സ്റ്റാമ്പ്, 100 ലാൻഡ്മാർക്ക് ജഡ്ജ്മെൻറ്സ് - ഷേപ്പിംഗ് ദി പോളിസീസ് ഓഫ് യുപിഎസ്സി ആൻഡ് പബ്ലിക് സർവീസ് കമ്മീഷൻസ് ഇൻ ഇന്ത്യ - പുസ്തകം എന്നിവ അദ്ദേഹം പ്രകാശനം ചെയ്തു.

RNUTVPM

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## അന്താരാഷ്ട്ര വയോജന ദിനം

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. 1991 ഒക്ടോബർ 1-മുതലാണ് മുതിർന്നവർക്ക് വേണ്ടി ഐക്യരാഷ്ട്രസഭ ദിനം ആചരിച്ചു തുടങ്ങിയത്. "ദീർഘായുസ്സിന്റെ കാലം : ദീർഘകാല ജീവിതത്തിനായി ഒരു പുനർവിചിന്തനം എന്നതാണ് ഈ വർഷത്ത പ്രമേയം . വയോജനങ്ങളുടെ അവകാശങ്ങൾ, അന്തസ്സ്, സാമൂഹിക പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം .

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## മുഖ്യമന്ത്രി (ഇൻട്രോ)

രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ സംസ്ഥാനത്ത് മുതിർന്നവരെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക സംവിധാനം

ഒരുക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. ഇതിനായി സംസ്ഥാനത്തിൻറെ സമസ്ത ഭൂപ്രദേശങ്ങളും ഉൾപ്പെടുത്തി മുതിർന്നവർക്കുള്ള സർവ്വേ തയ്യാറാക്കും. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ ഭാഗമായി വിവിധ വയോജന ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ മേഖലയിലെ ലോകോത്തര മാതൃകകൾ സംസ്ഥാനത്ത് നടപ്പാക്കാൻ സാങ്കേതിക ഉപദേശക സമിതി സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.
(വോയ്സ്)

## സുപ്രീം കോടതി-പടക്ക ഉപയോഗം

ദീപാവലിക്ക് മുന്നോടിയായി പടക്കങ്ങൾക്ക് പൂർണ്ണ നിരോധനം ഏർപ്പെടുത്തേണ്ടതില്ലെന്ന് സുപ്രീം കോടതി. ജസ്റ്റിസ് എം.എം. സുന്ദരേഷ്, ജസ്റ്റിസ് പി.ബി. വരാലെ എന്നിവരടങ്ങുന്ന ബെഞ്ചിൻറേതാണ് നിരീക്ഷണം. പടക്കങ്ങളുടെ പൂർണമായ നിരോധനം ദീപാവലി ആഘോഷിക്കുന്നവരുടെ വികാരങ്ങളെ വ്രണപ്പെടുത്തിയേക്കാമെന്നും അതേസമയം ദിവസം മുഴുവൻ ഉപയോഗം അനുവദിക്കുന്നത് പരിസ്ഥിതിയെയും കുട്ടികൾ, വയോധികർ, രോഗികൾ തുടങ്ങിയ വിഭാഗങ്ങളെയും ദോഷകരമായി ബാധിക്കുമെന്നും കോടതി നിരീക്ഷിച്ചു.

RNU TVPM

## ക്യാപ്റ്റൻ സ്മിത് മച്ചാർ-ഫ്ലൈ-ദുബായ്

ദുബായിൽ നിന്ന് ഇസ്രായേലിലേക്ക് പോവുകയായിരുന്ന ഫ്ലൈ-ദുബായ് വിമാനത്തിലെ 174 പേരുടെ ജീവൻ രക്ഷിക്കുകയും ദുരന്തം ഒഴിവാക്കുകയും ചെയ്ത ഇന്ത്യൻ പൗരനായ ക്യാപ്റ്റൻ സ്മിത് മച്ചാറിനെ അഭിനന്ദിച്ച് ലോക നേതാക്കൾ. അസാധാരണമായ ധീരതയാണ് ക്യാപ്റ്റൻ സ്മിത് മച്ചാർ പ്രകടിപ്പിച്ചതെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പറഞ്ഞു. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപും ക്യാപ്റ്റൻ സ്മിത് മച്ചാറിനെ അഭിനന്ദിച്ചു. ക്യാപ്റ്റനെ കുത്തിപ്പരിക്കേൽപ്പിക്കുകയും വിമാനം തകർക്കാൻ ശ്രമിക്കുകയും

ചെയ്ത ഒമാനി സഹപൈലറ്റിനെ സൗദി അധികൃതർ അറസ്റ്റ് ചെയ്തു. ക്യാപ്റ്റൻ മച്ചാർ ചികിത്സയിലാണെന്നും അദ്ദേഹത്തിന്റെ നില തൃപ്തികരമാണെന്നും ഇന്ത്യൻ എംബസി പ്രസ്താവനയിൽ വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸

## പ്രധാനമന്ത്രി -ക്യാപ്റ്റൻ സ്മിത്

ഗുരുതരമായി പരിക്കേറ്റ അവസ്ഥയിലും മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ അസാമാന്യമായ നിശ്ചയദാർഢ്യം പ്രകടിപ്പിച്ച ക്യാപ്റ്റൻ സ്മിത് മച്ചാറിനെ ഓർത്ത് രാജ്യം അഭിമാനിക്കുന്നതായി നരേന്ദ്ര മോദി പറഞ്ഞു. അദ്ദേഹം വേഗത്തിൽ ആരോഗ്യവും കരുത്തും വീണ്ടെടുക്കട്ടെയെന്നും സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## പാചക എണ്ണ സ്പെഷ്യൽ ഡ്രൈവ് (ഇൻട്രോ)

പാചക എണ്ണയുടെ പുനരുപയോഗം വ്യാപകമായി നടക്കുന്നുവെന്ന പരാതിയിൽ ഓപ്പറേഷൻ തെളിമ എന്ന പേരിൽ കൊല്ലം നഗരത്തിൽ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് .ആറ് സ്ക്വാഡുകൾ രൂപീകരിച്ച്, നഗരത്തിൽ നടത്തിയ ഡ്രൈവിൽ 96 കടകൾ പരിശോധിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ......**

(വോയ്സ്)

RNU TVPM

☸☸☸☸☸☸☸☸☸☸☸☸

## തിരുവനന്തപുരം - സംഘർഷം

സംസ്ഥാനത്ത് ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളും സർക്കാർ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. നാട്ടിൽ കലാപ അന്തരീക്ഷം ഉണ്ടാക്കാൻ ശ്രമിച്ചാൽ ശക്തമായ നടപടിയുണ്ടാകുമെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. തിരുവനന്തപുരം നഗരത്തിൽ ഇന്നലെയുണ്ടായ യൂത്ത് കോൺഗ്രസ് - എസ്.എഫ്.ഐ സംഘർഷത്തിൻറെ പശ്ചാത്തലത്തിലാണ് പ്രസ്താവന. അതേസമയം, തിരുവനന്തപുരം

യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, കെ. രാജൻ തുടങ്ങിയവർ സന്ദർശനം നടത്തി. ആസൂത്രിത ആക്രമണമാണ് നടന്നതെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പ്രതികരിച്ചു. മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് നടന്ന യൂത്ത് കോൺഗ്രസ് ാമസെക്രട്ടേറിയറ്റ് മാർച്ചിനിടെയാണ് സംഘർഷമുണ്ടായത്.

## ലക്ഷദ്വീപ്-കേന്ദ്രസംഘം

രണ്ടു ദിവസത്തെ ഔദ്യോഗിക ലക്ഷദ്വീപ് സന്ദർശനത്തിനായി, കേന്ദ്രസംഘം കവരത്തിയിൽ എത്തി. ദേശീയ പട്ടികവർഗ കമ്മീഷൻ സെക്രട്ടറി പി. കെ. സിംഗ്, കാബിനറ്റ് സെക്രട്ടേറിയറ്റ് ഡയറക്ടർ ദേവേന്ദ്ര കുമാർ എന്നിവർ ഉൾപ്പെട്ട സംഘമാണ് ദ്വീപിലെത്തിയത്. സെക്രട്ടറിയേറ്റ് കോൺഫ്രൺസ് ഹാളിൽ നടന്ന പ്രത്യേക യോഗത്തിൽ ലക്ഷദ്വീപിലെ പ്രവർത്തന പുരോഗതിയിലുള്ള ഡിറെഗുലേഷൻറെ പ്രവർത്തനങ്ങൾ സംഘം അവലോകനം ചെയ്തു.

RNU TVPM

## കാപ്പി ദിനം (ഇൻട്രോ)

ഇന്ന് അന്താരാഷ്ട്ര കാപ്പി ദിനം. സിവിൽ സ്റ്റേഷനിൽ നിന്നാരംഭിച്ച കാപ്പി റാലിയോടെ വയനാട് ജില്ലയിൽ ദിനാചരണ പരിപാടികൾക്ക് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് .......**

**(വോയ്സ്)**

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. നരേന്ദ്ര മോദി സർക്കാർ നടപ്പിലാക്കിയ ബാങ്കിംഗ് സെക്ടർ ക്ലീൻ

അപിനെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. ബാങ്കിംഗ് മേഖലയിലെ കിട്ടാക്കടം കുറയ്ക്കാനും ബാങ്കുകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനുമായി റിസർവ് ബാങ്കും കേന്ദ്ര സർക്കാരും സഹകരിച്ചു നടപ്പാക്കിയ പ്രക്രിയയാണ് ബാങ്കിംഗ് സെക്ടർ ക്ലീൻ അപ്. ബാങ്കുകളുടെ ബാലൻസ് ഷീറ്റുകൾ പൂർണ്ണമായും സുതാര്യമാക്കുക, പൊതുമേഖലാ ബാങ്കുകളെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭത്തിലെത്തിക്കുക, എന്നിവയായിരുന്നു ബാങ്കിംഗ് സെക്ടർ ക്ലീൻ അപിൻറെ പ്രധാന ലക്ഷ്യങ്ങൾ.

❁❁❁❁❁❁❁❁❁❁❁❁

## സ്വച്ഛതാ ഹി സേവ - ആകാശവാണി

സ്വച്ഛതാ ഹി സേവയുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. നിലയം മേധാവി എ ജി.ബൈജുവിൻറെ നേതൃത്വത്തിൽ നടന്ന ശുചീകരണയജ്ഞത്തിൽ ആകാശവാണിയുടെ വിവിധ വിഭാഗങ്ങളിൽ നിന്നായി നിരവധിപ്പേർ പങ്കെടുത്തു. ഗാന്ധി ക്വിസ്, ശുചീകരണ തൊഴിലാളികളെ ആദരിക്കൽ, വൃക്ഷ തൈ നടീൽ തുടങ്ങി വിപുലമായ പരിപാടികളാണ് സ്വച്ഛതാ ഹി സേവയുടെ ഭാഗമായി ആകാശവാണിയിൽ സംഘടിപ്പിച്ചിരിക്കുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁

## കന്നുകാലി ശല്യം (ഇൻട്രോ)

പാലക്കാട് നഗരത്തിലെ കന്നുകാലി ശല്യം നിയന്ത്രിക്കാൻ സ്ക്വാഡുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കി നഗരസഭ. കന്നുകാലികൾ അലക്ഷ്യമായി നടക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 6 സ്ക്വഡുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിന്റെ പന്ത്രണ്ടാം ദിവസം, തുഴച്ചിലിൽ പുരുഷന്മാരുടെ സ്കിഫ് ഇനത്തിൽ മനു ഫ്രാൻസിസ് - പ്രിൻസ് കുരിശിങ്കൽ നോബിൾ സഖ്യത്തിന് വെള്ളി മെഡൽ. സ്ക്വാഷിൽ, വനിതാ ടീം വെങ്കലം നേടി. വനിതാ ഹോക്കി ടീം ഫൈനലിൽ നാളെ ചൈനയെ നേരിടും. 10 സ്വർണ്ണവും 22 വെള്ളിയും 30 വെങ്കലവും ഉൾപ്പെടെ ആകെ 62-മെഡലുമായി ഇന്ത്യ നിലവിൽ എട്ടാം സ്ഥാനത്താണ് .

## ഓഹരി+സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 35 പോയിൻറ് താഴ്ന്ന് 72,446 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 54 പോയിൻറ് ഇടിഞ്ഞ് 22,567 ലും വ്യാപാരം പുരോഗമിക്കുന്നു .

സ്വർണവില കുറഞ്ഞു . പവന് 240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 9,440 രൂപയും ഗ്രാമിന് 13,680 രൂപയുമാണ് ഇന്നത്തെ വില

RNU TVPM